**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – എം.എൻ. ലക്ഷം വീട് നവീകരണ പദ്ധതി – തദ്ദേശഭരണസ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ.(എം.എസ്) നമ്പർ 226/2008/തസ്വഭവ തിരുവനന്തപുരം, തീയതി: 19.08.2008

പരാമർശം: 1. 24.07.2007–ലെ സ.ഉ.(എം.എസ്)183/2007/തസ്വഭവ നമ്പർ ഉത്തരവ്
2. 27.03.2008–ലെ സ.ഉ.(എം.എസ്) 3/2008/ഭവനം നമ്പർ ഉത്തരവ്
3. 11.07.2008–ലെസ.ഉ.(എം.എസ്) 199/2008/തസ്വഭവ നമ്പർ ഉത്തരവ്

**ഉത്തരവ്**

സംസ്ഥാനത്തെ ലക്ഷം വീടുകളുടെ ശോച്യാവസ്ഥ പരിഹരിച്ച് വാസയോഗ്യമാക്കുവാൻ ആവിഷ്കരിച്ചിട്ടുള്ള 'എം.എൻ ലക്ഷം വീട് നവീകരണ പദ്ധതിക്ക്' പരാമർശം രണ്ട് പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി തദ്ദേശഭരണസ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്നതിന് ചുവടെ വിവരിക്കുന്ന മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

(1) എല്ലാ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ ലക്ഷം വീട് കോളനികളിലെ വീടുകളുടെ വിലയിരുത്തൽ നടത്തി ഈ ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുള്ള ഫോറത്തിൽ ഒരു വിവരശേഖരം തയ്യാറാക്കണം. ഈ പ്രക്രിയ രണ്ടാഴ്ചക്കുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.

(2) അപ്രകാരം തയ്യാറാക്കുന്ന വിവരശേഖത്തിന്റെ അടിസ്ഥാനത്തിൽ, പുനഃനിർമ്മിക്കേണ്ടതായ (reconstruction) വീടുകളിൽ താമസിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ/കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ/മറ്റ് ഏജൻസികളുടെ ധനസഹായം വിനിയോഗിച്ച് ഗുണമേന്മ വർദ്ധിപ്പിക്കുകയോ പുനഃനിർമ്മിക്കുകയോ ചെയ്ത വീടുകൾ ഒഴിവാക്കിയായിരിക്കണം പട്ടിക തയ്യാറാക്കേണ്ടത്. അതുപോലെ വാടകയ്ക്ക് നൽകിയിട്ടുള്ള വീടുകളും പ്രസ്തുത പട്ടികയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

(3) യഥാർത്ഥ ഗുണഭോക്താവ്/അനന്തരാവകാശി, ഉടമസ്ഥാവകാശം കൈമാറ്റം ചെയ്ത വീടുകളുടെ കാര്യത്തിൽ ഇപ്പോൾ താമസിക്കുന്ന കുടുംബം ധനസഹായം ലഭിക്കുന്നതിന് അർഹതയുള്ള കുടുംബമാണെന്ന് കണ്ടെത്തുകയാണെങ്കിൽ ആ കുടുംബത്തിന്റെ താമസം നിയമാനുസൃതമാക്കി (regularise) എം.എൻ. ലക്ഷം വീട് നവീകരണ പദ്ധതി പ്രകാരം ധനസഹായം നൽകുന്നത് സംബന്ധിച്ച് തദ്ദേശസ്വയം ഭരണ വകുപ്പ്/ഭവന നിർമ്മാണ വകുപ്പ്, റവന്യൂ വകുപ്പുമായി കൂടിയാലോചിച്ച് നയപരമായ തീരുമാനമെടുത്തതിനുശേഷം പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(4) തദ്ദേശഭരണസ്ഥാപനങ്ങൾ തയ്യാറാക്കുന്ന വിവരശേഖരത്തിന്റെ അടിസ്ഥാനത്തിൽ, വാസയോഗ്യമല്ലാത്ത വീടുകൾ പുനഃനിർമ്മിക്കേണ്ടതിന്റെ ഭൗതിക ലക്ഷ്യം ജില്ലാടിസ്ഥാനത്തിൽ ഭവന നിർമ്മാണ ബോർഡ് നിശ്ചയിക്കുന്നതാണ്. അതോടൊപ്പം രണ്ട് വിഭാഗങ്ങളിലെയും ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി ഓരോവർഷവും ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളും ഏറ്റെടുക്കണ്ട ഭൗതികലക്ഷ്യം എത്രയെന്നും നിശ്ചയിക്കുന്നതാണ്. ഇപ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനവും വിവിധ വർഷങ്ങളിൽ ഏറ്റെടുക്കേണ്ട ഭൗതിക ലക്ഷ്യം നിശ്ചയിക്കുന്നതിന് കാലതാമസമുണ്ടാകുമെന്നതിനാൽ, നടപ്പുവർഷത്തെ സംബന്ധിച്ചിടത്തോളം ഇതിനകം ഭവന നിർമ്മാണ ബോർഡ് നിശ്ചയിച്ച്

അറിയിച്ചിട്ടുള്ള ഭൗതികലക്ഷ്യത്തിന് അനുസൃതമായി അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട് 2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. സംസ്ഥാനവിഹിതം ഉൾപ്പെടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത് എന്നതിനാൽ ഓരോ വർഷവും ഏറ്റെടുക്കേണ്ട വീടുകളുടെ എണ്ണം സംബന്ധിച്ച് ഭവന നിർമ്മാണ ബോർഡ് നിശ്ചയിച്ച് അറിയിക്കുന്ന ഭൗതികലക്ഷ്യത്തിന് അനുസൃതമായി മാത്രമേ തദ്ദേശഭരണസ്ഥാപനങ്ങൾ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടുള്ളൂ.

(5) ഈ പദ്ധതി പ്രകാരം വീടുകൾ പുനഃനിർമ്മിക്കുവാൻ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പൊതുവിഭാഗം കുടുംബങ്ങൾക്ക് 50,000 രൂപയും പട്ടികജാതി കുടുംബങ്ങൾക്ക്/ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായുള്ള കുടുംബങ്ങൾക്ക്/ആശ്രയ ഗുണഭോക്താക്കൾക്ക് 75,000 രൂപയും പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 1,00,000 രൂപയും പരമാവധി സബ്സിഡി അനുവദിക്കാവുന്നതാണ്. സബ്സിഡിയുടെ 50 ശതമാനം സംസ്ഥാന ഗവൺമെന്റ് വിഹിതമായി ഭവന നിർമ്മാണ ബോർഡിൽ നിന്നും ലഭിക്കുന്നതാണ്. ബാക്കി 50 ശതമാനം തുക തദ്ദേശഭരണസ്ഥാപനങ്ങൾ അനുവദിക്കേണ്ടതാണ്. തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതം നൽകുന്നതിന് വികസനഫണ്ട്/തനത്ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

(6) ഗ്രാമപ്രദേശങ്ങളിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതം നൽകുവാൻ ത്രിതല പഞ്ചായത്തുകൾക്ക് സംയുക്തമായി തുക വകയിരുത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തുകൾ മുഖേന മാത്രമേ പ്രോജക്ടിന്റെ നിർവഹണം നടത്താൻ പാടുള്ളു.

(7) വീടുകളുടെ പുനഃനിർമ്മിതിക്ക് അനുവദനീയമായ പരമാവധി സബ്സിഡി നൽകുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ തിരിച്ചടയ്ക്കുന്ന രീതിയിൽ വായ്പാ ബന്ധിത പ്രോജക്ടുകളും ആവിഷ്കരിക്കാവുന്നതാണ്. എന്നാൽ സബ്സിഡി അനുവദിക്കുവാൻ തദ്ദേശഭരണസ്ഥാപനങ്ങൾ തിരിച്ചടയ്ക്കുന്ന രീതിയിൽ വായ്പയെടുക്കുകയാണെങ്കിൽ കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് (1963) പ്രകാരം സർക്കാർ അനുമതിയോടു കൂടി മാത്രമേ പ്രോജക്ട് നടപ്പാക്കുവാൻ പാടുള്ളൂ. പ്രോജക്ടിന്റെയും വായ്പയുടെയും വിശദാംശങ്ങൾ ഉൾപ്പെടെ സർക്കാർ അനുമതിക്കായി അപേക്ഷിക്കണം. ഗുണഭോക്താക്കളുടെ എണ്ണം, ലഭ്യമായ ഫണ്ട്, സബ്സിഡി തുക, വായ്പാതുക, വായ്പയെടുക്കുന്ന ബാങ്ക്, പലിശനിരക്ക്, തിരിച്ചടവ് കാലയളവ്, ഏതൊക്കെ ഫണ്ട് വിനിയോഗിച്ചാണ് തിരിച്ചടയ്ക്കുന്നത് മുതലായ വിവരങ്ങൾ ഉൾപ്പെടുത്തിയായിരിക്കണം അപേക്ഷിക്കേണ്ടത്.

(8) അനുവദനീയമായ സബ്സിഡി നിരക്കിന് ഉപരിയായി ധനസഹായം നൽകുവാൻ വായ്പയെടുക്കുന്ന രീതിയിലും പ്രോജക്ടുകൾ ആവിഷ്കരിക്കാവുന്നതാണ്. എന്നാൽ ഇത്തരം സന്ദർഭത്തിൽ മുതലും പലിശയും ഗുണഭോക്താക്കൾ തന്നെ തിരിച്ചടയ്ക്കണം. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേന വായപയും മുതലും തിരിച്ചടയ്ക്കുന്നതിന് സംവിധാനം ആവിഷ്കരിക്കാവുന്നതാണ്. ഈ രീതിയിൽ വായപയെടുക്കുന്നതിന് സർക്കാർ അനുമതി ആവശ്യമില്ല.

(9) കടുത്ത സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുടുംബങ്ങളെ സഹായിക്കുവാൻ ഉദാരമതികളായ മനുഷ്യസ്നേഹികളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും ഫണ്ട് ലഭ്യമാക്കി സബ്സിഡിക്ക് ഉപരിയായി ധനസഹായം അനുവദിക്കാവുന്നതാണ്.

(10) കോളനി അടിസ്ഥാനത്തിലായിരിക്കണം പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടത്. അതായത് സമഗ്ര ഗുണഭോക്തൃ ലിസ്റ്റിൽ ഒരു കുടുംബത്തിന്റെ സ്ഥാനം താഴെയാണെങ്കിൽ തന്നെയും ഒരു കോളനിയിലെ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഒരുമിച്ച് ആനുകൂല്യം നൽകുന്ന തരത്തിൽ മാത്രമേ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടുള്ളൂ. വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചായിരിക്കണം കോളനികളുടെ മുൻഗണനാ പട്ടിക തയ്യാറാക്കേണ്ടത്.

(11) ഈ പദ്ധതി നടപ്പാക്കുന്നതിന് ട്രഷറിയിൽ ഒരു പ്രത്യേക അക്കൗണ്ട് ആരംഭിക്കാവുന്നതാണ്. തദ്ദേശഭരണസ്ഥാപനത്തിന്റെ വിഹിതം പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിച്ചു കഴിഞ്ഞാൽ ഉടൻതന്നെ ഭവന നിർമ്മാണ ബോർഡിന്റെ വിഹിതം ആ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റേയും ഭവന നിർമ്മാണ ബോർഡിന്റെയും വിഹിതത്തിൽ നിന്നുള്ള ചെലവുകൾ വെവ്വേറെ രേഖപ്പെടുത്തുന്നതിനുള്ള അക്കൗണ്ടിംഗ് സമ്പ്രദായം ആവിഷ്കരിക്കുന്നതാണ്. പ്രത്യേക അക്കൗണ്ടിൽ നിന്നും വീടുകളുടെ പുനഃനിർമ്മാണത്തിന് ചുവടെ പ്രതിപാദിക്കുന്ന പ്രകാരം നാല് ഗഡുക്കളായി തുക അനുവദിക്കാവുന്നതാണ്.

| ഗഡുക്കൾ | സബ്സിഡി തുക (ശതമാനത്തിൽ) | പൂർത്തിയാക്കേണ്ട ഘട്ടം |
|---|---|---|
| 1 | 30 | സ്ഥലമൊരുക്കൽ, അടിത്തറ (foundation) നിർമ്മിക്കുന്നതിന് കുഴിയെടുക്കൽ |
| 2 | 40 | അടിത്തറയുടെ പൂർത്തീകരണം |
| 3 | 20 | മേൽക്കൂരയുടെ പൂർത്തീകരണം |
| 4 | 10 | വാതിലുകൾ, ജനലുകൾ മുതലായവ ഉറപ്പിക്കൽ |

(12) ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും ഭവന നിർമ്മാണ പ്രോജക്ടുകൾ നടപ്പാക്കുന്ന ഉദ്യോഗസ്ഥൻ തന്നെയായിരിക്കും ഈ പദ്ധതിയുടെയും നിർവഹണ ഉദ്യോഗസ്ഥൻ. എന്നാൽ ഓരോ ഘട്ടത്തിന്റെയും പൂർത്തീകരണ സർട്ടിഫിക്കറ്റ് (Stage Certificate) നൽകുന്നതിനുള്ള ചുമതല തദ്ദേശഭരണ സ്ഥാപനം തീരുമാനിക്കുന്നത് പ്രകാരം വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറെയോ, ലേഡി വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറെയോ, ഓവർസീയറെയോ, എഞ്ചിനീയറെയോ തദ്ദേശഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയെയോ ഭവനനിർമ്മാണ ബോർഡിന്റെ എഞ്ചിനീയറെയോ തദ്ദേശ ഭരണ സ്ഥാപനം തീരുമാനിക്കുന്ന മറ്റൊരു ഉദ്യോഗസ്ഥനെയോ ഏൽപ്പിക്കാവുന്നതാണ്.

(13) ഈ പദ്ധതിയുടെ നടത്തിപ്പിന് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിലും വാർഡ് തലത്തിലും ചുവടെ പ്രതിപാദിക്കുന്ന പ്രകാരം പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റികൾ ഉണ്ടായിരിക്കണം.

(a) **ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻതല പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി**

| | | | |
|---|---|---|---|
| (i) | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് /മുനിസിപ്പൽ ചെയർപേഴ്സൺ/കോർപ്പറേഷൻ മേയർ | : | ചെയർപേഴ്സൺ |
| (ii) | ഭവന നിർമ്മാണത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ | : | മെമ്പർ |
| (iii) | ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ (ഗ്രാമപഞ്ചായത്തുകളിൽ) | : | മെമ്പർമാർ |
| (iv) | തദ്ദേശ ഭരണ സ്ഥാപനത്തിലെ എഞ്ചിനീയർ | : | മെമ്പർ |
| (v) | ഭവന നിർമ്മാണ ബോർഡിന്റെ എഞ്ചിനീയർ | : | ” |
| (vi) | സി.ഡി.എസ്. പ്രസിഡന്റ് | : | ” |
| (vii) | കുടുംബശ്രീ ചുമതലയുള്ള ഓഫീസർ | : | ” |
| (viii) | എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, സന്നദ്ധ സംഘടനകൾ എന്നിവയിൽ നിന്ന് നാമനിർദ്ദേശം ചെയ്യുന്ന വിദഗ്ദ്ധർ (മൂന്ന് പേർ) | : | മെമ്പർമാർ |
| (ix) | ലക്ഷംവീട് നവീകരണ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെമ്പർ |
| (x) | സെക്രട്ടറി (ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ) | : | കൺവീനർ |

**(b) വാർഡ്തല പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി**

| | | | |
|---|---|---|---|
| (i) | വാർഡ് മെമ്പർ | : | ചെയർപേഴ്സൺ |
| (ii) | എ.ഡി.എസ്. ചെയ്ർപേഴ്സൺ | : | മെമ്പർ |
| (iii) | തദ്ദേശഭരണസ്ഥാപനത്തിലെ എഞ്ചിനീയർ/ ഓവർസീയർ/ഒരു ഉദ്യോഗസ്ഥൻ | : | ” |
| (iv) | ഭവന നിർമ്മാണ മേഖലയിലെ ഒരു വിദഗ്ധൻ | : | ” |
| (v) | ലക്ഷംവീട് നവീകരണ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ | : | കൺവീനർ |

(14) ഗുണമേന്മ ഉറപ്പാക്കുന്നതിന് ഭവനനിർമ്മാണ ബോർഡ് പ്രത്യേക പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7. സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
8. പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്
9. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
10. പഞ്ചായത്ത് ഡയറക്ടർ
11. ഗ്രാമവികസന കമ്മീഷണർ
12. നഗരകാര്യ ഡയറക്ടർ
13. പബ്ലിക് റിലേഷൻസ് ഡയറക്ടർ (അടിയന്തിര പത്രക്കുറിപ്പിന്)
14. മുഖ്യ നഗരാസൂത്രകൻ
15. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
16. കമ്മീഷണർ & സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്
17. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
18. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
19. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
20. ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
21. എല്ലാ ടെക്നിക്കൽ അഡ്വൈസറിഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർ മാർക്കും
22. എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി (ജില്ലാ കളക്ടർമാർ) മാർക്കും
23. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
24. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
25. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
26. നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
27. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
28. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
29. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
30. സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
31. സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ

32. സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
33. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
34. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ

അനുബന്ധം

# പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം
## എം.എൻ.ലക്ഷം വീട് നവീകരണ പദ്ധതി
## വിവരശേഖരം തയ്യാറാക്കുന്നതിനുള്ള ഫോറം

തദ്ദേശഭരണ സ്ഥാപനം:.....................ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

ജില്ല:..................................

(കോളനി അടിസ്ഥാനത്തിൽ വിവരങ്ങൾ തയ്യാറാക്കണം)

## 1 പൊതു വിവരങ്ങൾ

1.1 ലക്ഷം വീട് കോളനിയുടെ പേര് :

1.2 വാർഡ് നമ്പർ :
(ഒന്നിലേറെ വാർഡുകളിലായാണ് കോളനി സ്ഥിതി ചെയ്യുന്നതെങ്കിൽ ബന്ധപ്പെട്ട വാർഡുകളുടെ നമ്പർ- 2005-ലെ വാർഡ് വിഭജനത്തിന്റെ അടിസ്ഥാനത്തിലുള്ളത്)

1.3 കോളനിയുടെ ആകെ വിസ്തീർണ്ണം (ഏക്കർ) :

1.4 ലക്ഷംവീട് പദ്ധതി പ്രകാരം വീട് അനുവദിച്ചു നൽകിയ കുടുംബങ്ങൾ (എണ്ണം) :

1.5 കോളനി വൈദ്യുതീകരിച്ചിട്ടുണ്ടോ : ഉണ്ട്/ഇല്ല

1.6 കുടിവെള്ള സൗകര്യത്തിന്റെ സ്രോതസ്സ് :
(1. പൊതു കിണർ 2. പൈപ്പുവെള്ളം 3. കുഴൽ കിണർ 4. മഴവെള്ള സംഭരണി 5. മറ്റുള്ളവ (വ്യക്തമാക്കുക)

1.7 വാഹന സൗകര്യം :
(1. സഞ്ചാരയോഗ്യമായ റോഡ് 2. നടപ്പാത 3. ഇടവഴി)

1.8 കോളനിയിലേക്കുള്ള സഞ്ചാര മാർഗ്ഗം നടപ്പാത/ഇടവഴിയാണെങ്കിൽ സഞ്ചാര യോഗ്യമായ റോഡിൽ നിന്നും കോളനിയിലേക്കുള്ള ദൂരം (മീറ്റർ) :

1.9 പൊതുസൗകര്യം ഏർപ്പെടുത്തുവാൻ നിർദ്ദേശിച്ചിരുന്ന സ്ഥലത്തെ സംബന്ധിക്കുന്ന വിവരങ്ങൾ

1.9.1 വിസ്തീർണ്ണം (ഏക്കർ) :

1.9.2 ഇപ്പോൾ നിലവിലുള്ള പൊതു സൗകര്യങ്ങൾ :
(1. പൊതുകിണർ, 2.കക്കൂസ്,
3. കളിസ്ഥലം,
4. മറ്റുള്ളവ (വ്യക്തമാക്കുക)

1.9.3 നിർദ്ദേശിച്ചിരുന്ന സ്ഥലത്ത് വീടുകൾ നിർമ്മിച്ചിട്ടുണ്ടോ : ഉണ്ട്/ഇല്ല

1.9.4 വീടുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിൽ എണ്ണം :

## 2. ബ്ലോക്ക് 1–ൽ രേഖപ്പെടുത്തിയിട്ടുള്ള കോളനിയിലെ കുടുംബങ്ങളുടെ വിവരങ്ങൾ (ആവശ്യമെങ്കിൽ കൂടുതൽ ഷീറ്റുകൾ ഉപയോഗിക്കുക)

| ക്രമ നമ്പർ | വീട് നമ്പർ* | വാർഡ് നമ്പർ* | ലക്ഷം വീട് പദ്ധതി പ്രകാരം വീട് അനുവദിക്കപ്പെട്ട യഥാർത്ഥ ഗുണഭോക്താവിന്റെ പേരും വിലാസവും (തദ്ദേശഭരണ സ്ഥാപനത്തിലെ രേഖകൾ പ്രകാരം) | യഥാർത്ഥ ഗുണഭോക്താവോ അന്തരാവകാശിയോ ആണ് ഇപ്പോൾ താമസമെങ്കിൽ | | യഥാർത്ഥ ഗുണഭോക്താവിന്റെ അനന്തരാവകാശിയാണ് ഇപ്പോൾ താമസമെങ്കിൽ | |
|---|---|---|---|---|---|---|---|
| | | | | വിഭാഗം (പൊതുവിഭാഗം/പട്ടികജാതി/പട്ടികവർഗ്ഗം) | ബി.പി.എൽ/എ.പി.എൽ | ഗൃഹനാഥന്റെ/നാഥയുടെ പേരും വിലാസവും | യഥാർത്ഥ ഗുണഭോക്താവും അനന്തരാവകാശിയും തമ്മിലുള്ള ബന്ധം (ഗുണഭോക്താവിന്റെ ആരാണെന്നാണ് രേഖപ്പെടുത്തേണ്ടത്) |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

കുറിപ്പ്:*2005–ലെ വാർഡ് പുനർ വിഭജനത്തിന്റെ അടിസ്ഥാനത്തിലുള്ള വാർഡ്, വീട്ട് നമ്പരുകളാണ് രേഖപ്പെടുത്തേണ്ടത്

(തുടരും)

(2………………..തുടർച്ച)

| ക്രമ നമ്പർ* | വീട് നമ്പർ* | യഥാർത്ഥ ഗുണഭോക്താവോ അനന്തരാവകാശിയോ അല്ല ഇപ്പോൾ താമസിക്കുന്നതെങ്കിൽ വിവരങ്ങൾ | | | | | | മുൻ വർഷങ്ങളിൽ അറ്റകുറ്റപ്പണി/ഗുണമേന്മ വർദ്ധനവ്/പുനഃ നിർമ്മിതി എന്നിവ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ | | | വീടിന്റെ ഇപ്പോഴത്തെ അവസ്ഥ 1. ഗുണമേന്മ വർദ്ധനവോ പുനഃനിർമ്മാണമോ ആവശ്യമില്ല 2. ഗുണമേന്മ വർദ്ധിപ്പിക്കണം 3. പുനഃനിർമ്മാണം നടത്തണം | അഭിപ്രായ കുറിപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | ഗൃഹനാഥന്റെ പേരും വിലാസവും | വിഭാഗം (പൊതുവിഭാഗം/പട്ടികജാതി/ പട്ടികവർഗ്ഗം) | ബി.പി.എൽ/എ.പി.എൽ | എപ്രകാരമാണ് വീട് ലഭിച്ചത് 1. വിലയ്ക്ക് വാങ്ങിയത് 2. കൈമാറ്റം ചെയത് കിട്ടിയത് (വ്യക്തമാക്കുക ) 3. അനധികൃത താമസം 4. വാടകയ്ക്ക് | ഉടമസ്ഥാവകാശ രേഖ ലഭിച്ചിട്ടുണ്ടോ? (ഉണ്ട്/ഇല്ല) | വാടകയ്ക്കാണ് താമസിക്കുന്ന തെങ്കിൽ ഉടമസ്ഥന്റെ പേരും വിലാസവും | ഏത് ആവശ്യത്തിനാണ് ധനസഹായം ലഭിച്ചത് 1.അറ്റകുറ്റപ്പണി 2.ഗുണമേന്മ വർദ്ധനവ് 3. പുനഃനിർമ്മിതി | ധനസഹായം നൽകിയ സ്ഥാപനം [സംസ്ഥാന സർക്കാർ/ തദ്ദേശഭരണ സ്ഥാപനം (പേര്)/ ഭവന നിർമ്മാണ ബോർഡ്/മറ്റ് ഏജൻസികൾ (വ്യക്തമാക്കുക] | ലഭിച്ച ധനസഹായം (രൂപ) | | |
| (1) | (2) | (9) | (10) | (11) | (12) | (13) | (14) | (15) | (16) | (17) | (18) | (19) |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |

*കുറിപ്പ്: മുൻ പേജിലെ അതേ നമ്പർ

(ഓഫീസ് സീൽ)

സ്ഥലം:

തീയതി:

ഒപ്പ് :

സെക്രട്ടറി :

(പേര്)